പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 380 | 10.03.2015 ൽ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് വർദ്ധന

ചോദ്യം | ഉത്തരം

ശ്രീ. ബാബു എം. പാലിശ്ശേരി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ ഇതുവരെ എത്രതവണ വൈദ്യുതി നിരക്കുകൾ കൂട്ടി; ഓരോ തവണയിലും കൂട്ടിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; വൈദ്യുതി വകുപ്പിൽ മറ്റേതെല്ലാം ഇനങ്ങളിൽ ചാർജ്ജുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്; വൈദ്യുതി ബോർഡിന്റെധൂർത്ത് ഒഴിവാക്കിയും കുടിശ്ശിക തുക പിരിച്ചെടുത്തും വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിനു പകരം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് ജനങ്ങൾക്ക് ദുരിതം ഉണ്ടാക്കുന്ന നടപടി പുനപരിശോധിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ? | (എ) സംസ്ഥാനത്ത് വൈദ്യുതി ചാർജജ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം കേരള വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂന്നു തവണ കമ്മീഷൻ വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. അതായത് 2012 ജൂലായ് ഒന്നാം തീയതി മുതലും, 2013 മേയ് 1 -ാം തീയതി മുതലും 2014 ഓഗസ്റ്റ് 16 -ാം തീയതി മുതലുമാണ് വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുള്ളത്. ഓരോ തവണയും വർദ്ധിപ്പിച്ച തുക അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.<br><br>വൈദ്യുതി ബോർഡിൽ മറ്റിനങ്ങളിലുള്ള ചാർജ് വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.<br><br>സംസ്ഥാന വൈദ്യുതി ബോർഡ് നാളിതുവരെ മൊത്തം റവന്യൂ കമ്മിയുടെ ഒരു ഭാഗം മാത്രമേ താരിഫ് വർദ്ധനവിലൂടെ നികത്തുന്നുള്ളൂ. വൈദ്യുതി ബോർഡ് ചിലവു കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>i. കുറഞ്ഞ നിരക്കിൽ വൈദ്യുതി |

| | |
|---|---|
| | വ്യാപാരികളിൽ നിന്നും ഉല്പാദകരിൽ നിന്നും പരമാവധി വൈദ്യുതി ലഭ്യമാക്കുക.<br>ii. പുത്തൻ സാങ്കേതിക വിദ്യയും കമ്പ്യൂട്ടർവൽക്കരണവും ഏർപ്പെടുത്തുക വഴി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുക.<br>iii. പ്രസരണ – വിതരണ നഷ്ടം പരമാവധി കുറച്ച് വൈദ്യുതി ലാഭിക്കുക.<br>iv. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പരമാവധി ഊർജ്ജിതപ്പെടുത്തുകയും, വൈദ്യുതി മോഷണം/ദുരുപയോഗം എന്നിവ പരമാവധി കണ്ടെത്തുകയും, വൈദ്യുതി ചാർജ്ജ് സമയബന്ധിതമായി പിരിച്ചെടുക്കുക വഴിയും ബോർഡിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തി, ചെലവ് പരമാവധി കുറച്ചു കൊണ്ടു വരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**